# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 45 — 06.02.2013ൽ മറുപടിക്ക്.

## എമർജിംഗ് കേരള

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ.രാധാകൃഷ്ണൻ<br>ശ്രീ. കെ.കുഞ്ഞിരാമൻ(തൃക്കരിപ്പൂർ)<br>ശ്രീ. എം. ഹംസ<br>ശ്രീ. പി.ടി.എ.റഹീം | | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി) |
| എ) എമർജിംഗ് കേരളയിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികൾക്ക് അനുകൂലമായി നിലവിലുള്ള നിയമങ്ങളിൽ പരിഷ്കാരങ്ങൾ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ, എങ്കിൽ അതിന്റ വിശദാംശം വ്യക്തമാക്കുമോ, ഇക്കാര്യത്തിൽ നിക്ഷേപകർക്ക് കൊടുത്ത ഉറപ്പുകൾ എന്തെല്ലാമായിരുന്നു;<br><br>(ബി) പ്രസ്തുത ആവശ്യത്തിനായി ഏതെങ്കിലും സമിതിയെ നിശ്ചയിച്ചിരുന്നുവോ; എങ്കിൽ അതിൻെറ വിശദാംശം വ്യക്തമാക്കുമോ; | എ)& ബി) | എമർജിംഗ് കേരളയിൽ നിർദ്ദേശിക്കപ്പെട്ട പദ്ധതികളിൽ കേരളത്തിലെ വ്യവസായ അന്തരീക്ഷത്തിനും, ചുറ്റുപാടിനും അനുകൂലമായവയ്ക്കു മാത്രം അനുമതി നൽകുകയും അവയ്ക്ക് സമയബന്ധിതമായി ക്ലിയറൻസ് നല്കുന്നതുമാണ്.<br><br>പദ്ധതികൾ വിശദമായി പരിശോധിച്ച് ബന്ധപ്പെട്ട വകുപ്പുകളുടെ അനുമതികൾ ലഭ്യമാക്കികൊണ്ട് പദ്ധതികൾക്ക് അംഗീകാരംനൽകുന്നതിനായി ഒരു നിക്ഷേപക ക്ലിയറൻസ് ബോർഡ് രൂപീകരിച്ചിട്ടുണ്ട്. ചീഫ് സെക്രട്ടറിയാണ് പ്രസ്തുത ബോർഡിന്റെ അദ്ധ്യക്ഷൻ. നിലവിലുള്ള ഏകജാലക നിയമത്തിൽ ഉചിതമായ ഭേദഗതികൾ വരുത്തുക എന്ന ഉദ്ദേശ്യത്തോടും കൂടിയാണ് പ്രസ്തുത ബോർഡ് രൂപീകരിച്ചിരിക്കുന്നത്. കൂടാതെ മുഖ്യമന്ത്രി അധ്യക്ഷനായി ഒരു ഇൻവെസ്റ്റ് മെന്റ് പ്രൊമോഷൻ കൗൺസിലും രൂപീകരിച്ചിട്ടുണ്ട്. |
| (സി) പ്രസ്തുത സമിതി ഇതിനോടകം എത്ര യോഗങ്ങൾ ചേർന്നു എന്തെല്ലാം നിർദ്ദേശങ്ങളാണ് സമർപ്പിച്ചിട്ടുള്ളത്;<br><br>(ഡി) നിലവിലുള്ള പ്രത്യേക സാമ്പത്തിക മേഖലാ നിയമവും സംസ്ഥാന ഭൂവിനിയോഗ നിയമവും ഭൂപരിഷ്കരണ നിയമവും എമർജിംഗ് കേരളയിൽ വന്ന പദ്ധതികൾ നടപ്പിലാക്കാൻ വിഘാതം സൃഷ്ടിക്കുന്നുണ്ടോ; ഇക്കാര്യത്തിലുള്ള തീരുമാനം വ്യക്തമാക്കുമോ? | സി &ഡി) | പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും അനുമതികളും നൽകേണ്ട അവസരത്തിൽ ഈ സമിതികൾ യോഗം ചേരുന്നതാണ് അതിനുശേഷം മാത്രമേ ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനം കൈക്കൊള്ളുകയുള്ളൂ. |

സെക്ഷൻ ഓഫീസർ